"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ PMAY(G) പദ്ധതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ലൈഫ്/PMAY പദ്ധതി പ്രകാരം യോഗ്യത പ്രകാരം വീട് നിർമ്മിച്ച് നൽകാൻ അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1317/2024/LSGD തീയതി,തിരുവനന്തപുരം, 20-07-2024

പരാമർശം:-
1. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫിസറുടെ 23-02-2024 ലെ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06-06-2024 ലെ 4.23 നമ്പർ യോഗതീരുമാനം

**ഉത്തരവ്**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം നടത്തിയ സർവ്വേയിലൂടെ ശ്രീമതി സുലോചന w/o വേലായുധൻ, ശ്രീമതി തങ്കമണി w/o കുഞ്ചുമണി, ശ്രീമതി മാധവി w/o കുപ്പൻ, ശ്രീ.ശെൽവൻ s/o അയ്യാസ്വാമി എന്നീ നാല്ല കുടുംബങ്ങളെ പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായമഹാ അഭിയാൻ (PM-JANMAN) പദ്ധതിയിൽ വീട് നിർമ്മിച്ച് നൽകുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഈ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിക്കുകയും, PMAY (G) ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയാൽ മാത്രമേ PM-JANMAN പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയൂ എന്നതിനാൽ PMAY(G) ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിരുന്നു. പട്ടികവർഗ്ഗ വിഭാഗമായ മലയൻ വിഭാഗത്തിൽപ്പെട്ട ഈ ഗുണഭോക്താക്കൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സൈറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നിലവിൽ ഇവരെ PM-JANMAN പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ല. PMAY (G) ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയതിനാൽ ഇപ്പോൾ ഭവന നിർമ്മാണത്തിനുള്ള ഒരു ഗുണഭോക്തൃ ലിസ്റ്റിലും ഇല്ലാത്ത ഇവരെ ലൈഫ് ഭവന ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06-06-2024 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. രേഖകൾ പരിശോധിക്കാതെ ഗുണഭോക്താക്കളെ ഒഴിവാക്കിയ നടപടി വീഴ്ചയായി യോഗം വിലയിരുത്തി. ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് എന്നതുകൂടി പരിഗണിച്ച് ശ്രീമതി സുലോചന w/o വേലായുധൻ, ശ്രീമതി തങ്കമണി w/o കുഞ്ചുമണി, ശ്രീമതി മാധവി w/o കുപ്പൻ, ശ്രീ.ശെൽവൻ s/o അയ്യാസ്വാമി എന്നീ നാല്ല ഗുണഭോക്താക്കൾക്ക് നിർദ്ദിഷ്ട യോഗ്യത ഉണ്ടെങ്കിൽ, ലൈഫ് / PMAY പദ്ധതിപ്രകാരം വീട് നിർമ്മിച്ച് നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 20-07-2024 15:09:48
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ